# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI YEAR OF OUR LORD JESUS CHRIST, 2025 SEPTEMBER No. 11


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 81:1 – 8**

01. നമ്മുടെ ബലമായ ദൈവത്തിന്നു ഘോഷിപ്പിൻ; യാക്കോബിന്റെ ദൈവത്തിന്നു ആർപ്പിടുവിൻ.

02. തപ്പും ഇമ്പമായുള്ള കിന്നരവും വീണയും എടുത്തു സംഗീതം തുടങ്ങുവിൻ.

03. അമാവാസ്യയിലും നമ്മുടെ ഉത്സവദിവസമായ പൌർണ്ണമാസിയിലും കാഹളം ഊതുവിൻ.

04. ഇതു യിസ്രായേലിന്നു ഒരു ചട്ടവും യാക്കോബിൻ ദൈവത്തിന്റെ ഒരു പ്രമാണവും ആകുന്നു.

05. മിസ്രയീം ദേശത്തിന്റെ നേരെ പുറപ്പെട്ടപ്പോൾ ദൈവം അതു യോസേഫിന്നു ഒരു സാക്ഷ്യമായി നിയമിച്ചു; അവിടെ ഞാൻ അറിയാത്ത ഒരു ഭാഷ കേട്ടു.

06. ഞാൻ അവന്റെ തോളിൽനിന്നു ചുമടു നീക്കി; അവന്റെ കൈകൾ കൊട്ട വിട്ടു ഒഴിഞ്ഞു.

07. കഷ്ടകാലത്തു നീ വിളിച്ചു, ഞാൻ നിന്നെ വിടുവിച്ചു; ഇടിമുഴക്കത്തിന്റെ മറവിൽനിന്നു ഞാൻ നിനക്കു ഉത്തരമരുളി; മെരീബാവെള്ളത്തിങ്കൽ ഞാൻ നിന്നെ പരീക്ഷിച്ചു.

08. എന്റെ ജനമേ, കേൾക്ക, ഞാൻ നിന്നോടു സാക്ഷ്യം പറയും; യിസ്രായേലേ, നീ എന്റെ വാക്കു കേട്ടെങ്കിൽ കൊള്ളായിരുന്നു.

## പ്രയാസമേറിയ സമയങ്ങളിൽപോലും ധൈര്യമായിരിക്കാൻ ഉറച്ചു നിൽക്കുക!

HOLD FAST & BE COURAGEOUS EVEN IN HARD TIMES

*സിസ്റ്റർ ഏഞ്ചൽ*



നമ്മുടെ കർത്താവും രക്ഷിതാവും, അസാധാരണവും അമാനുഷികവുമായ കാര്യങ്ങൾ ചെയ്യാൻ ശക്തിയുള്ളവനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് അനുഗ്രഹപ്രദമായ ആശംസകൾ നേരുന്നു. ഈ സന്ദേശം നിങ്ങളിലേക്കെത്തുന്ന സമയം നിങ്ങൾ നന്നായിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ ആത്മാവ് അഭിവൃദ്ധി പ്രാപിക്കുന്നതുപോലെ നിങ്ങൾക്കും അഭിവൃദ്ധി ഉണ്ടായിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ചില ദിവസങ്ങൾക്കുമുമ്പ് ഞാൻ മുമ്പ് പലപ്പോഴും വായിച്ചിട്ടുള്ള ദാനീയേൽ 3-ാം അദ്ധ്യായം വായിക്കുകയായിരുന്നു. ഇപ്പോൾ അത് ആഴത്തിലുള്ള ആശ്വാസവും നൽകിയത് നിങ്ങളുമായി പങ്കിടാൻആഗ്രഹിക്കുന്നു.

### എബ്രായ സഹോദരന്മാർ!

ദാനീയേൽ 3-ാം അദ്ധ്യായം നാടകീയവും തീവ്രവുമായ രംഗത്തോടെയാണ് ആരംഭിക്കുന്നത്. മൂന്ന് എബ്രായ സഹോദരന്മാരായ ശദ്രക്ക്, മേശെക്ക്, അബേദ്നെഗോ എന്നിവരോട് താൻ സ്ഥാപിച്ച സ്വർണ്ണപ്രതിമയെ കുമ്പിട്ട് ആരാധിക്കാൻ നെബൂഖദ്നേസർ രാജാവ് കല്പിക്കുന്നു. അവർ അങ്ങനെ ചെയ്യാൻ വിസമ്മതിച്ചപ്പോൾ അവരെ കത്തുന്ന തീച്ചൂളയിലേക്ക് എറിയുന്നു.

*3-ാം പേജിൽ തുടരും...*




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

* Please Subscribe and Share *

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## from your dearly beloved brother...



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

**നിനക്കു നന്നായിരിക്കേണ്ടതിന്നും... നിന്റെ സകല ശത്രുക്കളെയും നിന്റെ മുമ്പിൽനിന്നു ഓടിച്ചുകളയേണ്ടതിന്നും... – ആവർത്തനം 6:18**

പ്രിയ സുഹൃത്തുക്കളേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ!

നിങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥനകളിലൂടെയും, അക്ഷീണമായ അദ്ധ്വാനത്തിലൂടെയും, സ്വമേധയായുള്ള ഉദാരമായ ദാനങ്ങളിലൂടെയും, എന്നോടൊപ്പം വിശ്വസ്തതയോടെ നിൽക്കുന്ന എന്റെ എല്ലാ സഹോദരീസഹോദരന്മാർക്കും ഞാൻ എന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. ദൈനംദിന വെല്ലുവിളികൾ, പരീക്ഷണങ്ങൾ, കഷ്ടതകൾ എന്നിവയിലൂടെ കടന്നുപോകുമ്പോഴും നിങ്ങളുടെ കൃപ നിറഞ്ഞ ദാനങ്ങളാണ് അങ്ങയുടെ നാമം ജനങ്ങളോട് പ്രഖ്യാപിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന മുഖ്യ ഘടകം.

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ദൈവത്തിന്റെ സാക്ഷ്യങ്ങൾ മുറുകെ പിടിച്ചിരിക്കുന്നതിനാൽ അവൻ എന്നെ ലജ്ജിപ്പിക്കയില്ല എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. സങ്കീർത്തനങ്ങൾ 119:31 ൽ സങ്കീർത്തനക്കാരൻ പറയുന്നതുപോലെ:

**ഞാൻ നിന്റെ സാക്ഷ്യങ്ങളോടു പറ്റിയിരിക്കുന്നു; യഹോവേ, എന്നെ ലജ്ജിപ്പിക്കരുതേ.**

മുറുകെ പിടിക്കുക എന്നതിന്റെ അർത്ഥം പറ്റി നിൽക്കുക, ഉറച്ചുനിൽക്കുക എന്നൊക്കെയാണ്. ദൈവം തന്റെ ജനത്തിന് കല്പനകൾ നൽകിയപ്പോൾ, ആവർത്തിച്ചുള്ള ഒരു ഉദ്ബോധനം "മുറുകെ പിടിക്കുക" അല്ലെങ്കിൽ "ഉറച്ചുനിൽക്കുക" എന്നായിരുന്നു. ഈ അചഞ്ചലമായ പ്രതിബദ്ധതയില്ലാതെ ദൈവം നൽകിയിരിക്കുന്ന ലക്ഷ്യം കൈവരിക്കുവാൻ മറ്റു മാർഗ്ഗങ്ങളൊന്നും തന്നെയില്ല.

വ്യക്തിപരമായി, എന്റെ ചെറുപ്പം മുതൽ തന്നെ കർത്താവിനോടു പറ്റിച്ചേർന്നാണ് എന്റെ യാത്ര ആരംഭിച്ചത്. വിജയകരമായ ഒരു ആത്മീയ ജീവിതം സുഖത്തിന്റെയും ആശ്വാസത്തിന്റെയും പാതയല്ല എന്നു ഞാൻ മനസ്സിലാക്കി. അതിന് ബോധപൂർവ്വമായ ശ്രമം ആവശ്യമാണ് - പിടിച്ചുനിൽക്കുക, ഉറച്ചുനിൽക്കുക, പൂർണ്ണഹൃദയത്തോടെ അവനിൽ പറ്റിച്ചേർന്നുനിൽക്കുക.

ഇവ വെറു വാക്കുകളല്ല; അവ ആഴത്തിലുള്ള ആത്മീയ അനുഭവങ്ങളെ പ്രതിഫലിപ്പിക്കുന്നു. സൂര്യന്റെ പ്രകാശത്തിലോ കൊടുങ്കാറ്റിലോ, പരാജയങ്ങൾ, വിശ്വാസവഞ്ചനകൾ, ഏകാന്തത, രോഗം, നഷ്ടം, കഷ്ടപ്പാടുകൾ, പരീക്ഷണങ്ങൾ, പ്രലോഭനങ്ങൾ എന്നിവയുടെ മദ്ധ്യത്തിലും ദൈവവുമായുള്ള ബന്ധത്തിൽ തന്നെ ആയിരിക്കുവാൻ ഈ വാക്കുകൾ മതിയായതാണ്.

മറ്റൊരു പ്രതലത്തിൽ ഒട്ടിച്ചുചേർത്തിരിക്കുന്ന ഒന്നിനെ എളുപ്പത്തിൽ വേർപെടുത്താൻ കഴിയാത്തതുപോലെ നമ്മുടെ ജീവിതവും കർത്താവുമായി ദൃഢമായി ബന്ധിപ്പിക്കപ്പെടണം. നാം യഥാർത്ഥത്തിൽ അവനോടു പറ്റിച്ചേർന്നു നിൽക്കുകയാണെങ്കിൽ അവൻ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറും.

ഇത് കട്ടിയുള്ള ഉറച്ച പാറമേൽ കെട്ടിപ്പടുത്ത ജീവിതമാണ്, അല്ലാതെ, മണലിൽ അല്ല.

വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ ഇന്ന് നമ്മുടെ സ്വന്തം ജീവിതത്തിൽ നിവർത്തിയാകുന്നത് നമുക്ക് കാണാൻ സാധിക്കും. കർത്താവായ ദൈവമായ യേശുക്രിസ്തു ഇപ്പോഴും ജീവിക്കുന്നുവെന്നും നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്നുവെന്നും വിവിധ വിശ്വാസങ്ങളിലും ജീവിതത്തിന്റെ വിവിധ തുറകളിൽനിന്നുമുള്ളവർ സാക്ഷ്യപ്പെടുത്തുന്നു.

ജീവിതത്തിലെ വിവിധ അനുഭവങ്ങളിൽ ദൈവത്തെ മുറുകെ പിടിക്കാതിരുന്നാൽ അവനുമായുള്ള ബന്ധത്തിൽ സമ്മർദ്ദവും പിരിമുറുക്കവും ഉണ്ടാകും. എന്നാലും ദൈവവചനം നമുക്ക് ഉറപ്പു നൽകുന്നു:

**എന്നാൽ നിങ്ങളുടെ ദൈവമായ യഹോവയോടു പറ്റിച്ചേർന്നിരുന്ന നിങ്ങൾ ഒക്കെയും ഇന്നു ജീവനോടിരിക്കുന്നു** (ആവർത്തനം 4:4)

കർത്താവായ യേശുക്രിസ്തുവിനെ മുറുകെ പിടിക്കുക എന്നത് നിങ്ങളുടെ മുദ്രാവാക്യമായിരിക്കട്ടെ. ജീവിതത്തിലുണ്ടാകുന്ന പരീക്ഷണങ്ങളുടെമദ്ധ്യേ വിജയകരമായി നമ്മെ നയിക്കുകയും ജയശാലികളും നേട്ടമുള്ളവരാക്കി മാറ്റുകയും ചെയ്യുന്നത് ഈ ഉറച്ച വിശ്വാസമാണ്.

ഈ അചഞ്ചലമായ പ്രതിബദ്ധത ദൈവഭയത്തിൽ വേരൂന്നിയതായിരിക്കണം. അത് നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രതിഫലിക്കുകയും വേണം.

നിങ്ങളെ ഓർത്ത് ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവായ യേശുക്രിസ്തുവിനെ മുറുകെ പിടിക്കുക. നിങ്ങളുടെ ജീവിതയാത്രയുടെ ശേഷിച്ച ഭാഗം അനുഗ്രഹീതവും ഫലപ്രദവുമായിരിക്കും.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും ഉണ്ടാകട്ടെ!

സഹോദരന്മാരേ, ദയവായി ഞങ്ങൾക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുവിൻ.

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*

***പാസ്റ്റർ എസ്. സാം സെൽവരാജ്***

ഇമെയിൽ : sam@echoofhiscall.org

*1-ാം പേജിന്റെ തുടർച്ച...*

മൂന്നാം അദ്ധ്യായത്തിലേക്ക് കൂടുതൽ ആഴത്തിലേക്ക് കടക്കുന്നതിനുമുമ്പ് സന്ദർഭം മനസ്സിലാക്കാൻ രണ്ടാം അദ്ധ്യായത്തിലേക്കു കൂടി പോകേണ്ടതായുണ്ട്. ഈ അദ്ധ്യായത്തിൽ നെബുഖദ്നേസർ രാജാവ് അസ്വസ്ഥത ഉളവാക്കുന്ന ഒരു സ്വപ്നം കാണുന്നതിനെക്കുറിച്ച് വിവരിക്കുന്നു. **രാജാവു കണ്ട ദർശനമോ: വലിയൊരു ബിംബം; വലിപ്പമേറിയതും വിശേഷശോഭയുള്ളതുമായ ആ ബിംബം തിരുമുമ്പിൽ നിന്നു; അതിന്റെ രൂപം ഭയങ്കരമായിരുന്നു. ബിംബത്തിന്റെ തല തങ്കംകൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും വയറും അരയും താമ്രംകൊണ്ടും തുട ഇരുമ്പു**



*നെബുഖദ്നേസർ രാജാവ് അസ്വസ്ഥമായ ഒരു സ്വപ്നം കണ്ടു*

**കൊണ്ടും കാൽ പാതി ഇരുമ്പുകൊണ്ടും പാതി കളിമണ്ണുകൊണ്ടും ആയിരുന്നു** (ദാനീയേൽ 2:31-33).

സ്വപ്നം വ്യാഖ്യാനിക്കാൻ ദാനീയേലിനെ വിളിക്കുന്നു. **പൊന്നുകൊണ്ടുള്ള തല തിരുമനസ്സുകൊണ്ടു തന്നേ. തിരുമനസ്സിലെ ശേഷം തിരുമേനിയെക്കാൾ താണതായ മറ്റൊരു രാജത്വവും സർവ്വഭൂമിയിലും വാഴുവാനിരിക്കുന്നതായി താമ്രംകൊണ്ടുള്ള മൂന്നാമതൊരു രാജത്വവും ഉത്ഭവിക്കും** (ദാനീയേൽ 2:38-39).

അദ്ധ്യായങ്ങൾ 2നും 3നും തമ്മിലുള്ള ഇടവേള നമ്മോടു പറഞ്ഞിട്ടില്ല എങ്കിലും എന്തോ ഒന്ന് രാജാവിന്റെ ഹൃദയത്തിൽ ഉണർത്തിയതായി മനസ്സിലാക്കാം. ഞാൻ മരിച്ചുപോകുകയും മറ്റൊരാൾ എന്റെ സ്ഥാനത്തു ഭരിക്കുകയും ചെയ്യും. പക്ഷെ എന്റെ ഭരണകാലം സുവർണ്ണലിപികളിൽ രേഖപ്പെടുത്തി ജനങ്ങൾ ഓർക്കണം എന്നൊക്കെ അയാൾ ചിന്തിച്ചിരിക്കാം. അഹങ്കാരം കൊണ്ടോ സുരക്ഷിതത്വമില്ലെന്നു തോന്നിയതുകൊണ്ടോ ഒരു വലിയ സ്വർണ്ണ പ്രതിമ - അതു തന്റേതു തന്നെ ആയിരിക്കാം - ഉണ്ടാക്കുവാനും അതിനെ ജനങ്ങൾ വണങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## 1) സ്വാതന്ത്ര്യവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു!

ദാനീയേൽ 3:21-**അങ്ങനെ അവർ ആ പുരുഷന്മാരെ, അവരുടെ കാൽചട്ട, കുപ്പായം, മേലാട മുതലായ വസ്ത്രങ്ങളോടുകൂടെ ബന്ധിച്ചു എരിയുന്ന തീച്ചൂളയിൽ ഇട്ടുകളഞ്ഞു.**

രാജാവ് അവരെ ബന്ധിച്ചു കത്തുന്ന തീച്ചൂളയുടെ മദ്ധ്യത്തിലേക്ക് എറിഞ്ഞുകൊണ്ട് അവരുടെ സ്വതന്ത്ര വിഹാരം തടഞ്ഞു എന്നു കരുതി. ദൈവത്തിന്റെ പദ്ധതിക്കു കാലതാമസം വരുത്തി, നശിപ്പിച്ചു എന്നൊക്കെ ശത്രു വിചാരിച്ചു. എന്നാൽ ദൈവത്തിനു അതിലും വലിയ ഒരു പദ്ധതി ഉണ്ടായിരുന്നു.



*ദൈവത്തിന് ഇതിലും നല്ലൊരു പദ്ധതി ഉണ്ടായിരുന്നു*

മൂന്നു എബ്രായ മനുഷ്യരുടെയും അന്ത്യം സംഭവിച്ചു എന്ന് ഒരു നിമിഷത്തേക്ക് തോന്നിപ്പോയി. ദൈവം ഉടനടി ഇടപെടാത്തതിനാൽ സാത്താൻ സന്തോഷിച്ചിരിക്കണം. നാം പ്രാർത്ഥിക്കുമ്പോൾ പലപ്പോഴും ദൈവം ഉടനെ തന്നെ ഉത്തരം തരുന്നു. എന്നാൽ മറ്റു ചില സന്ദർഭങ്ങളിൽ ദൈവം നിശബ്ദനായിരിക്കും - ചിലപ്പോൾ വർഷങ്ങളോളം. ഈ നിശബ്ദതയിലൂടെ നമ്മുടെ വിശ്വാസത്തിനു കോട്ടം സംഭവിക്കുകയും വിശ്വാസം ഉപേക്ഷിക്കാൻ പ്രേരിതരാകുകയും ചെയ്യുന്നു.

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

എനിക്കു നിങ്ങളുടെ അനുഭവങ്ങൾ എന്താണെന്ന് എനിക്ക് അറിയില്ല. പക്ഷെ, എന്റെ ജീവിതത്തിൽ ദൈവത്തോടുള്ള പ്രാർത്ഥന കഴിച്ചതിനുശേഷവും എന്റെ അവസ്ഥ പഴയതിനേക്കാൾ മോശമായ അവസ്ഥയുടെ അനുഭവം ഉണ്ട്. എബ്രായ സഹോദരന്മാരുടെ അവസ്ഥ പരിശോധിച്ചാൽ, അവർ വിശ്വാസം ഏറ്റുപറഞ്ഞതിനുശേഷം ചൂള ഏഴു മടങ്ങ് കൂടുതൽ ചൂടാക്കി.

"ഞാൻ പ്രാർത്ഥിക്കുകയായിരുന്നുവല്ലോ, പിന്നെ എങ്ങനെയാണ് കർത്താവേ, കാര്യങ്ങൾ കൂടുതൽ വഷളായത്" എന്ന് നിങ്ങൾ ചോദിച്ചിട്ടുണ്ടാകാം.

അവരെ തീയിലേക്ക് എറിയുന്നതു തടയാൻ ദൈവത്തിന് കഴിയുമായിരുന്നു. അവർ തീയിലേക്ക് എറിയപ്പെടുന്നതിനുമുമ്പ് തീ കെടുത്താമായിരുന്നു. പക്ഷെ, അവൻ അതിലും വലിയതായി തീയിൽ അവർക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. അവന്റെ കരങ്ങളിൽ അവരെ വഹിക്കുവാനായി അവൻ മുമ്പെ തന്നെ അവിടെ ഉണ്ടായിരുന്നു.

അവരെ ചൂളയിൽ എറിയപ്പെട്ടപ്പോൾ അവർ നേരെ ദൈവത്തിന്റെ നിത്യകരങ്ങളിൽ തന്നെ ചെന്നു വീണു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവൻ മുന്നമെ തന്നെ അവിടെ ഉണ്ടായിരുന്നു. ദൈവം എപ്പോഴും നമ്മുടെ മുമ്പെ പോകുന്നു. തീയിൽനിന്നുപോലും നമുക്കു സംരക്ഷണം നൽകുവാനായി അവൻ നമുക്കു മുന്നെ നടക്കുന്നു. തീച്ചൂളയുടെ നടുവിലായാലും നിങ്ങൾ ഒറ്റയ്ക്കല്ല. അവൻ അവിടെയുണ്ട്. നിങ്ങളെ ശക്തിപ്പെടുത്താനും പിന്തുണയ്ക്കാനും അവൻ നിങ്ങളെ കാത്തിരിക്കുന്നു.

ദൈവത്തിന്റെ അനുവാദമില്ലാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. പോരാട്ടങ്ങൾ നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നത് നമ്മെ ഉപദ്രവിക്കാനല്ല മറിച്ച്, തലമുറകളുടെ സാക്ഷ്യത്തിനായാണ്. നമ്മുടെ സാക്ഷ്യത്തിലൂടെ നമ്മുടെ ജീവിതം നിലനിൽക്കും. ഒരു പാരമ്പര്യം അവശേഷിപ്പിക്കുവാനായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

## 2) സ്വാതന്ത്ര്യത്തിൽ നടക്കുക!

മൂന്നു പേരെയും തീയിലേക്ക് എറിഞ്ഞപ്പോൾ അവരെ ബന്ധിച്ചിരുന്ന എല്ലാ ബന്ധനങ്ങളും അഴിഞ്ഞുപോയി. കൈകാലുകളുടെ ബന്ധനങ്ങളും അഴിഞ്ഞുപോയി. കർത്താവിന്റെ സാമീപ്യത്തിൽ അവർ സർവത്ര സ്വ



*തീയുടെ നടുവിൽ നടക്കുന്ന കെട്ടഴിഞ്ഞ നാലു പുരുഷന്മാർ*

തന്ത്രരായി. തീയിലൂടെ അവർ പരിക്കൊന്നും ഏൽക്കാതെ നടന്നു. ദൈവപുത്രനും അരികിലുണ്ടായിരുന്നു.

**നാലു പുരുഷന്മാർ കെട്ടഴിഞ്ഞു തീയിൽ നടക്കുന്നതു ഞാൻ കാണുന്നു; അവർക്ക് ഒരു കേടും തട്ടീട്ടില്ല** (ദാനീയേൽ 3:25).

തമിഴ് ബൈബിളിൽ ഈ വാക്യം മനോഹരമായി വിവരിച്ചിരിക്കുന്നു. അവർ നടക്കുകയായിരുന്നു എന്നു മാത്രമല്ല, ചുറ്റിനടക്കുകയായിരുന്നു എന്നും പറഞ്ഞിരിക്കുന്നു. എത്ര മനോഹരമായ ചിത്രം! അവരെ നശിപ്പിക്കാൻ രൂപകല്പന ചെയ്ത സ്ഥലത്തുതന്നെ അവർ കെട്ടഴിഞ്ഞു സ്വതന്ത്രമായി നടക്കുന്നു.

പ്രീയ സഹോദരീ സഹോദരന്മാരേ, നിങ്ങൾ ഇപ്പോൾ തീയുടെ നടുവിൽ ആയിരിക്കുന്ന അവസ്ഥയിലായിരിക്കാം. എന്നാൽ നിങ്ങൾ ദൈവസന്നിധിയിൽ നിലനിൽക്കുന്നിടത്തോളം നിങ്ങൾ സ്വതന്ത്രരാണ്. എല്ലാ ബന്ധനങ്ങളെയും തകർക്കാൻ അവനു കഴിയും. യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയുള്ള സ്വാതന്ത്ര്യം.

അവർ വിടുവിക്കപ്പെട്ടു എന്നതല്ല, അവർ തങ്ങളുടെ സൃഷ്ടാവിനോടൊപ്പം തീയുടെ നടുവിലൂടെ ഉലാത്തുകയായിരുന്നു എന്നതാണ് എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയത്.

നമ്മൾ എപ്പോഴാണ് നടക്കാൻ പോകുന്നതെന്ന് ചിന്തിച്ചു നോക്കുവിൻ. ആളുകൾ പൂന്തോട്ടങ്ങളിലോ പാർക്കിലോ പ്രകൃതിയെയോ നല്ല കൂട്ടുകെട്ടുകളെയോ ആസ്വദിച്ചുകൊണ്ട് സമ്മർദ്ദങ്ങളോ ഉത്കണ്ഠയോ ഇല്ലാതെ സമയം ചെലവഴിക്കുന്നു.

ശദ്രക്കും മേശക്കും അബേദ്നഗോയും ചൂളയുടെ നടുവിൽ ശാന്തമായി, സമ്മർദ്ദമൊന്നുമില്ലാതെ നടക്കുന്നത് നിങ്ങൾക്ക് ചിന്തിക്കാൻ സാധിക്കുമോ? അവരെ കുടുക്കി എന്ന് ശത്രു ചിന്തിച്ചു. പക്ഷെ, ദൈവം അവരുടെ പിന്നിലുണ്ടെന്ന് അവർ അറിഞ്ഞില്ല.

"ദൈവം എന്റെ കൂടെ ഉണ്ട്" എന്ന് ആത്മവിശ്വാസത്തോടെ നമുക്ക് പറയാം.

## 3) ഒരു ദോഷവുമില്ല!


അവരുടെ കൈകാലുകളുടെ ബന്ധനങ്ങൾ അഴിഞ്ഞതു മാത്രമല്ല, അവർ കർത്താവിനോടൊപ്പം നടക്കുകയായിരുന്നു, അവർക്ക് പരിക്കൊന്നും ഏറ്റിരുന്നില്ല. ദാനീയേൽ 3:25ൽ പ്രഖ്യാപിക്കുന്നതുപോലെ, **അവർക്ക് ഒരു കേടും തട്ടിയിട്ടില്ല.**

**അത് എങ്ങനെ സാദ്ധ്യമാകും?**

അതിന്റെ അർത്ഥം അവരിൽ തീയുടെ ഒരു അംശം പോലും ഉണ്ടായിരുന്നില്ല. പൊള്ളലുകളോ, കുമിളകളോ, പുകയുടെ ഗന്ധമോ അവരുടെ മേൽ ഉണ്ടായിരുന്നില്ല. ദൈവം തീയിൽനിന്നും അവരെ പൂർണ്ണമായും മൂടിക്കളഞ്ഞു. അതിനാൽ അവർ ഒരിക്കലും തീയിൽ കയറിയിട്ടില്ലാത്തതുപോലെയായിരുന്നു. ചൂളയിലേക്ക് ബന്ധനസ്ഥരായി അവരെ കൊണ്ടുപോകുമ്പോൾ അവർ 23-ാം സങ്കീർത്തനം പാടിയിരുന്നു എന്നു ഞാൻ കരുതുന്നു.

**കൂരിരുൾ താഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.** സങ്കീർത്തനങ്ങൾ 23:4.

അവൻ വാഗ്ദത്തം ചെയ്തതുപോലെ, അവരോടുകൂടെ തീർച്ചയായും അവൻ ഉണ്ടായിരുന്നു, അവരെ ആശ്വസിപ്പിക്കുവാനും വിടുവിക്കാനുമായി അവൻ കാത്തിരുന്നു.



*മരണനിഴലിന്റെ താഴ്വരയിലൂടെ ഞാൻ നടന്നാലും, ഞാൻ ഒരു തിന്മയെയും ഭയപ്പെടുകയില്ല!*

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**സെപ്റ്റംബർ 19** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പ്രിൻസിപ്പാൾ, അദ്ധ്യാപകർ, ജീവനക്കാർ എന്നിവർക്കായി.

**സെപ്റ്റംബർ 20** ⇨ നമ്മുടെ അസ്സോസിയേറ്റ് എഡിറ്റമാർക്കും കുടുംബാംഗങ്ങളുടെയും അനുഗ്രഹത്തിനായി.

**സെപ്റ്റംബർ 21** ⇨ നമ്മുടെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെയും വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സിന്റെയും വളർച്ചക്കായി.

**സെപ്റ്റംബർ 22** ⇨ ജീവനക്കാരുടെ കുടുംബങ്ങൾക്ക് ദൈവാനുഗ്രഹം പകർന്നതിനായി.

**സെപ്റ്റംബർ 23** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**സെപ്റ്റംബർ 24** ⇨ ആഗസ്റ്റ് മാസത്തിലെ എല്ലാ ആവശ്യങ്ങളും വിശ്വസ്തതയോടെ നിറവേറ്റിത്തന്നതിനായി.

**സെപ്റ്റംബർ 25** ⇨ ആഗസ്റ്റ് 10, 2025 യിൽ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷ 57-ാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. ദൈവകൃപക്കായി നന്ദി കരേറ്റാം.

**സെപ്റ്റംബർ 26** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പുതിയ പ്രവേശനത്തെ അനുഗ്രഹച്ചതിനായി.

**സെപ്റ്റംബർ 27** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും ഞായർ ആരാധനകളിൽ പ്രകടമാകുന്ന ദൈവവചനത്തിന്റെ ശക്തിക്കായി.

**സെപ്റ്റംബർ 28** ⇨ നെഹെമ്യ ബൈബിൾ കോളേജിന്റെ സായാഹ്ന കോഴ്സുകളിലേക്ക് പുതിയ വിദ്യാർത്ഥികളെ നൽകിയതിനായി.

**സെപ്റ്റംബർ 29** ⇨ ഞങ്ങളുടെ മിഷണറി പ്രവർത്തകർ കാണിച്ച ആഴമായ പ്രതിബദ്ധതക്കായി നന്ദിയർപ്പിക്കുന്നു.

**സെപ്റ്റംബർ 30** ⇨ വൈവിദ്ധ്യമായ ശുശ്രൂഷകളിലൂടെ സുവിശേഷം പങ്കുവയ്ക്കുവാനുള്ള സീനിയർ പാസ്റ്ററിന്റെ അചഞ്ചലമായ സമർപ്പണത്തിനായി.

**ഒക്ടോബർ 01** ⇨ ഞങ്ങളുടെ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**ഒക്ടോബർ 02** ⇨ **വിളിയുടെ പ്രതിധ്വനി യുട്യൂബ് ശുശ്രൂഷയിലൂടെ** പങ്കിട്ട 5 മിനിറ്റ് സന്ദേശങ്ങളിലൂടെ ലഭിച്ച പ്രോത്സാഹജനകമായ സാക്ഷ്യങ്ങൾക്കായി.

**ഒക്ടോബർ 03** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ** എന്നിവക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവീകാനുഗ്രഹങ്ങൾക്കായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഒക്ടോബർ 04** ⇨ തുടർച്ചയായി വേദശാസ്ത്ര സെമിനാറുകൾ നടത്താനുള്ള ദൈവീക മാർഗ്ഗനിർദ്ദേശത്തിനായി.

**ഒക്ടോബർ 05** ⇨ എല്ലാ രാജ്യങ്ങളും തമ്മിലുള്ള ഐക്യത്തിനും സമാധാനത്തിനുമായി.

**ഒക്ടോബർ 06** ⇨ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കും ദൈവീക അനുഗ്രഹത്തിനായി.

**ഒക്ടോബർ 07** ⇨ ഞങ്ങളുടെ പങ്കാളികൾ, സംസ്ഥാന കോഡിനേറ്റർമാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ദൈവീക അനുഗ്രഹങ്ങൾക്കായി.

**ഒക്ടോബർ 08** ⇨ ലോകമെമ്പാടുമുള്ള ജനങ്ങളുടെ സുരക്ഷക്കും ക്ഷേമത്തിനുമായി.

**ഒക്ടോബർ 09** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പുതിയ വിദ്യാർത്ഥികൾക്കായി.

**ഒക്ടോബർ 10** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലക്ക് ദൈവത്തിന്റെ അനുഗ്രഹത്തിനായി.

**ഒക്ടോബർ 11** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും കുടുംബത്തിന്റെയും ആരോഗ്യത്തിനും ക്ഷേമത്തിനുമായി.

**ഒക്ടോബർ 12** ⇨ ദൈവവുമായുള്ള ബന്ധത്തിൽ എല്ലാ രാജ്യങ്ങളിലെയും വിശ്വാസികൾക്കിടയിൽ സമഗ്രതയുണ്ടാകുവാൻ.

**ഒക്ടോബർ 13** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ യുവജന, സാമൂഹിക ശുശ്രൂഷകൾക്കായി.

**ഒക്ടോബർ 14** ⇨ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സാമ്പത്തിക മാന്ദ്യത്തിന്റെ അന്ത്യത്തിനായി.

**ഒക്ടോബർ 15** ⇨ ലോകമെമ്പാടുമുള്ള മിഷണറി പ്രവർത്തകരുടെ ദൈവീക സംരക്ഷണക്കായി.

**ഒക്ടോബർ 16** ⇨ ദൈവഭക്തരായ നേതാക്കളാൽ എല്ലാ രാജ്യങ്ങളും ഭരിക്കപ്പെടുവാൻ.

**ഒക്ടോബർ 17** ⇨ പിന്നോക്കക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സാമ്പത്തിക ഉയർച്ചക്കായി.

**ഒക്ടോബർ 18** ⇨ എല്ലാ ജനങ്ങൾക്കും പ്രകൃതി ദുരന്തങ്ങളിൽ നിന്നും ദിവ്യ സംരക്ഷണം ലഭിക്കുവാൻ.

... 4-ാം പേജിന്റെ തുടർച്ച

### *അവന്റെ വിലയേറിയ വാഗ്ദാനങ്ങളിൽ ചിലത് ഇതാ!*

**സെഖര്യാവ് 2:8**

**നിങ്ങളെ തൊടുന്നവൻ അവന്റെ കണ്മണിയെ തൊടുന്നു...**

**യെശയ്യാവ് 49:16**

**ഇതാ ഞാൻ നിന്നെ എന്റെ ഉള്ളംകൈയ്യിൽ വരച്ചിരിക്കുന്നു...**

**സങ്കീർത്തനങ്ങൾ 91:11**

**നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും;**

**സങ്കീർത്തനങ്ങൾ 121:7**

**യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും; അവൻ നിന്റെ പ്രാണനെ പരിപാലിക്കും.**

**യോഹന്നാൻ 10:28**

**ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയും ഇല്ല.**

പ്രീയ സുഹൃത്തുക്കളെ, നിങ്ങൾ ഇപ്പോൾ എത്ര കഠിനമായതോ ശ്വാസം മുട്ടിക്കുന്നതോ ആയ സാഹചര്യത്തിലാണെങ്കിലും അതിൽനിന്നു നിങ്ങൾക്ക് ഒരു ദോഷവും കൂടാതെ പുറത്തുവരാൻ കഴിയും. കർത്താവിനെ മുറുകെ പിടിക്കുക. ഒരു വഴിയുമില്ല എന്നു തോന്നുന്നിടത്ത് അവൻ ഒരു വഴിയൊരുക്കും.

നിങ്ങൾ ഒരു മോശമായ ബന്ധത്തിൽ കുടുങ്ങിപ്പോകുകയോ, സാമ്പത്തിക പ്രതിസന്ധിയിൽ മുങ്ങിപ്പോകുകയോ, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുമായി മല്ലിടുകയോ, നിയമയുദ്ധത്തിൽ കുടുങ്ങിയിരിക്കുകയോ, പ്രീയപ്പെട്ട ഒരാളുടെ വേർപാടിൽ ദുഃഖിച്ചിരിക്കുകയോ ആയിരിക്കാം. എന്നാൽ ഇതു ഓർക്കുക - ദൈവം നിങ്ങളുടെ പിന്തുണക്കാരനായിട്ടുണ്ട്.

അവന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കുക. കൊടുങ്കാറ്റിലും അവനെ സ്തുതിച്ചുകൊണ്ടിരിക്കുക. അവൻ നിങ്ങളെ ആ സാഹചര്യത്തിൽനിന്നു ഒരു ദോഷവും കൂടാതെ പുറത്തുകൊണ്ടുവരും, അല്ലെങ്കിൽ അത് സഹിക്കുവാനുള്ള കൃപ തരും.

ആ മൂന്നു എബ്രായ പുരുഷന്മാർ തീയിൽനിന്നും പൂർണ്ണമായും പരിക്കേൽക്കാതെ പുറത്തുവന്നതുപോലെ നിങ്ങളെയും പുറത്തുകൊണ്ടുവരും.

### 4) തീയ്ക്ക് ശക്തിയില്ലായിരുന്നു!

***തീയ്ക്ക് ശക്തിയില്ലായിരുന്നു...*** എന്ന് ദാനീയേൽ 3:27 ൽ പറയുന്നു.

അതായത് നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന സാഹചര്യത്തിന് നിങ്ങളുടെമേൽ അധികാരമില്ല. ഹല്ലേലൂയ്യാ.

രാജാവും ഉദ്യോഗസ്ഥന്മാരും തീ അവരെ വിഴുങ്ങും എന്നു തന്നെ ഉറച്ചു വിശ്വസിച്ചു. എന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചത് മറ്റൊന്നായിരുന്നു. തീയ്ക്ക് അവരുടെ വിധി നിർണ്ണയിക്കാൻ സാധിച്ചില്ല, ദൈവത്തിന്റെ ശക്തിയാൽ ആ എബ്രായ പുരുഷന്മാർ വിധി നിർണ്ണയിച്ചു.

ഞാൻ ഒരു കാര്യം നിങ്ങളോടു പറയട്ടെ: നിങ്ങളുടെ സാഹചര്യത്തിനു നിങ്ങളുടെ മേൽ അധികാരം നൽകുന്നില്ല എങ്കിൽ അതിന് നിങ്ങളുടെമേൽ ഒരു അധികാരവുമില്ല.

നിങ്ങളുടെ ഭയത്തിനോ വേദനക്കോ, പ്രതിസന്ധിക്കോ നിങ്ങളുടെ നിയന്ത്രണം വിട്ടുകൊടുക്കരുത്. സാഹചര്യങ്ങൾ നിങ്ങളെ ഭരിക്കാൻ അനുവദിക്കരുത്. ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ അവന്റെ അധികാരം നിങ്ങളും വഹിക്കുന്നു. തീയുടെ ശക്തി ഒരു യാഥാർത്ഥ്യമായിരിക്കാമെങ്കിലും നാലാമത്തെ മനുഷ്യനോടൊപ്പം നടക്കുന്നവരുടെ നേരെ അതിന് ഒരു ശക്തിയുമില്ല.

### 5) അത് ദൈവത്തിന്നു മഹത്വം നൽകി!

നമ്മുടെ ജീവിതത്തിലെ സന്തോഷകരമായതും സന്താപകരമായതുമായ എല്ലാ സംഭവങ്ങൾക്കും ദൈവത്തിനു മഹത്വം കരേറ്റുക എന്ന ഒരു ദൈവീക ഉദ്ദേശ്യം ഉണ്ട്.

അതെ, അത് കഷ്ടതയായാലും നഷ്ടമായാലും തീയായാൽ പോലും അതിന് ഒരു ദൈവീക ഉദ്ദേശ്യം ഉണ്ട്.

മൂന്നുപേർക്കും കേടൊന്നും പറ്റാതെയിരുന്ന അത്ഭുതം കണ്ടപ്പോൾ നെബുഖദ്നേസർ രാജാവ് ഇങ്ങനെ പ്രഖ്യാപിച്ചു:



*നെബുഖദ്നേസർ രാജാവിന്റെ കല്പന*

**തങ്കൽ ആശ്രയിക്കയും സ്വന്തദൈവത്തെയല്ലാതെ വേറൊരു ദൈവത്തെയും സേവിക്കയോ നമസ്കരിക്കയോ ചെയ്യാതിരിക്കത്തക്കവണ്ണം രാജകല്പനകൂടെ മറുത്തു**

8 -ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
ഭാഷ : തമിഴ് (Part time)
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ
ഹിന്ദി (Residential) (Sponsorship available)
ECHO OF HIS CALL REACHING NATIONS
കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Great Commission Partners (Network of Pastors)
7. Training Programmes – Seminars & Retreats
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
13. **Early Morning Service : 5.30 a.m. Sunday**
14. **Preliminary Service : 8.00 a.m. Sunday**
15. **Tamil Service : 8.30 a.m. Sunday**
16. **Youth Meeting : 11.00 a.m. Sunday**
17. **Fellowship Lunch : 1.00 p.m. Sunday**
18. **Hindi Service : 4.00 p.m. Sunday**
19. **Telugu Service : 5.00 p.m. Sunday**
20. **English & Hindi Service : 6.00 p.m. Sunday**
21. Feedback Time : 7.30 p.m. Sunday
22. Women's Prayer : 5.30 p.m. Wednesday
23. Men's Prayer : 7.00 p.m. Friday
24. Discipleship Meeting : 6.00 p.m. Saturday
25. House Meetings : 6.30 p.m. Tuesday & Thursday
26. Special Holy Communion : 6.00 a.m. 1st day of each month
27. Ministers' Meeting : 6.00 p.m. First Saturday
28. Parents' Prayer : 4.00 p.m. First Sunday
29. Night Prayer : 9.30 p.m. Third Friday
30. Fasting Prayer : 9:30 a.m. Second Saturday
31. Holy Communion : Second Sunday Services
32. Youth / Kid Prayer : 10.00 p.m. daily (over phone)
33. Staff Devotion : 9.00 a.m. daily
34. Office : 9.00 a.m. to 9.00 p.m. (except Sundays)

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/–രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## എളിയ ശുശ്രൂഷയെ മഹത്വീകരിക്കുന്ന കർത്താവ്

എന്റെ ചെറുപ്പകാലം മുതൽ തന്നെ, ദൈവത്തിന്റെ മഹത്തായ സുവിശേഷം, ഏതുവിധേനയും എന്തു വിലകൊടുത്തും, ജനങ്ങളെ അറിയിക്കുവാനും യേശുക്രിസ്തുവിലൂടെയുള്ള രക്ഷ അവരും ആസ്വദിക്കുവാനുള്ള അവസരം കൊടുക്കുവാൻ കർത്താവ് എനിക്ക് താല്പര്യവും ഭാരവും നൽകി (1 കൊരിന്ത്യർ 9:22). ഓരോ ദിവസവും ഒരാളോടെങ്കിലും ഞാൻ സുവിശേഷം പങ്കുവയ്ക്കുകയോ ഒരാൾക്കെങ്കിലും ഒരു സുവിശേഷ ലഘുലേഖ വിതരണം ചെയ്യുകയോ ചെയ്യുന്നത് ശീലമാക്കുവാൻ ഞാൻ തീരുമാനിച്ചു. ഈ തീരുമാനം നടപ്പിലാക്കുവാൻ കർത്താവ് ഇപ്പോഴും എന്നെ സഹായിക്കുന്നു.

1971 മുതൽ ഞാൻ തമിഴ്നാട്ടിൽ സർക്കാർ ഉദ്യോഗസ്ഥനായിരുന്ന കാലത്ത് വീട്ടിൽ നിന്നും ഓഫീസിലേക്കുള്ള യാത്രയിലും മടക്കയാത്രയിലും സുവിശേഷ ലഘുലേഖകൾ വിതരണം ചെയ്യുന്ന ശീലം എനിക്കുണ്ടായിരുന്നു. ഞാൻ ഈ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നപ്പോൾ ആയിരക്കണക്കിന് അക്രൈസ്തവരെയും കുറച്ചു ദൈവഭക്തരായ ആളുകളെയും കാണുവാൻ എനിക്ക് അവസരം ലഭിച്ചു. ഇതിനു പുറമെ ഈ ശുശ്രൂഷയിലൂടെ എനിക്കു ലഭിച്ച സമ്പർക്കങ്ങളുടെ സഹായത്തോടെ ചെന്നൈയിൽ സഭാ ശുശ്രൂഷ ആരംഭിക്കുവാൻ എനിക്കു അവസരം ലഭിച്ചു.

ആവശ്യത്തിനു ലഘുലേഖകൾ ലഭിക്കാൻ ബുദ്ധിമുട്ടായതിനാൽ പ്രാദേശിക അച്ചടിശാലകളിലൂടെ സുവിശേഷ സാഹിത്യം അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുവാൻ തീരുമാനിച്ചു. ഇത് അച്ചടിക്കാൻ പ്രസ്സുടമകൾക്ക് വലിയ താൽപര്യമില്ലായിരുന്നു. അത് പലതവണ എന്നെ അസ്വസ്ഥനാക്കി. ഇങ്ങനെയുള്ള തടസ്സങ്ങൾ ഉണ്ടായിരുന്നെങ്കിലും ഈ ശുശ്രൂഷ തുടരുവാൻ കർത്താവ് എന്നെ സഹായിച്ചു.

മറ്റു വിശ്വാസങ്ങളിൽപെട്ടവർക്കു ലഘുലേഖ വിതരണം ചെയ്തപ്പോൾ പലപ്പോഴും ഞാൻ ശാരീരികമായി ആക്രമിക്കപ്പെട്ടു. എന്നാൽ ദൈവം എന്നെ ദുഷ്ടശക്തികളിൽനിന്നു സംരക്ഷിച്ച് തന്റെ ശുശ്രൂഷയിൽ മുന്നോട്ടു പോകുവാൻ എന്നെ സഹായിക്കുകയും ചെയ്തു.

ഇപ്പോൾ, ഞാൻ വിശ്വസ്തതയോടെ സേവിച്ച എന്റെ കർത്താവ് തെരുവുകളിലും ചന്തസ്ഥലങ്ങളിലും സുവിശേഷലഘുലേഖ വിതരണം ചെയ്യുന്ന ശുശ്രുഷയെ ആദരിച്ച് വേണ്ടത്ര കാര്യക്ഷമമായ ജീവനക്കാരെയും, ഏറ്റവും പുതിയ അച്ചടി ഉപകരണങ്ങളും, ആവശ്യമായ കെട്ടിടങ്ങളും ഉള്ള ഒരു വലിയ സുവിശേഷ സാഹിത്യ മന്ത്രാലയം തന്ന് എന്നെ അനുഗ്രഹിച്ചു. നിങ്ങൾ അറിയുന്നതുപോലെ ഇപ്പോൾ ദൈവകൃപയാൽ ഇംഗ്ലീഷ്, തമിഴ്, മലയാളം, തെലുങ്ക്, ഹിന്ദി, മറാത്തി, കന്നട, ബംഗാളി, ഗുജറാത്തി, ഒറിയ, ആസ്സാമീസ്, പഞ്ചാബി, ഉറുദു, നേപ്പാളി, സിംഹള, ആഫ്രിക്കൻസ് എന്നീ പതിനാറ് ഭാഷകളിൽ സുവിശേഷ സാഹിത്യം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിലൂടെ വിവിധ രാജ്യങ്ങളിലെ ജനങ്ങളിലേക്ക് യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിക്കുവാൻ കഴിയുന്നു. ഞങ്ങളുടെ മുഖ്യസഭയിൽ ഞായറാഴ്ചകളിൽ ഇംഗ്ലീഷ്, തമിഴ്, മലയാളം, തെലുങ്ക്, ഹിന്ദി എന്നീ അഞ്ചു ഭാഷകളിൽ ആരാധന നടക്കുന്നുണ്ട്.

**ക്രിസ്തുവിന് നിങ്ങളുടെ ജീവിതത്തിലും വൻകാര്യങ്ങൾ ചെയ്യുവാൻ കഴിയും** (സങ്കീർത്തനങ്ങൾ 126:3), **കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും** (സങ്കീർത്തനങ്ങൾ 126:5)

---

...06-ാം പേജിന്റെ തുടർച്ച

**തങ്ങളുടെ ദേഹത്തെ ഏല്പിച്ചുകൊടുക്കയും ചെയ്ത തന്റെ ദാസന്മാരെ അവൻ സ്വദൂതനെ അയച്ചു വിടുവിച്ചിരിക്കുന്നുവല്ലോ. ഈ വിധത്തിൽ വിടുവിപ്പാൻ കഴിയുന്ന മറ്റൊരു ദൈവവും ഇല്ലായ്കകൊണ്ടു ഏതു ജാതിക്കാരിലും വംശക്കാരിലും ഭാഷക്കാരിലും ആരെങ്കിലും ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നഗോവിന്റെയും ദൈവത്തിന്നു വിരോധമായി വല്ല തെറ്റും പറഞ്ഞാൽ അവനെ കഷണം കഷണമായി ശകലിക്കയും അവന്റെ വീടു കുപ്പക്കുന്നാക്കുകയും ചെയ്യുമെന്നു ഞാൻ ഒരു വിധി കല്പിക്കുന്നു** (ദാനീയേൽ 3:28,29).

ദൈവം തീ അനുവദിക്കുകയും അത് തീവ്രമാകാൻ അനുവദിച്ചതും എന്തുകൊണ്ട്?

ഒന്നാമതായി, വിശ്വാസത്തോടെ അത് നേരിടുമെന്ന് നിങ്ങളെ വിശ്വസിക്കുന്നു.

രണ്ടാമതായി, അവന്റെ നാമത്തിനു മഹത്വം കരേറ്റുവാൻ നിങ്ങളുടെ ഈ സാക്ഷ്യം ഉപകരിക്കുമെന്നതിനാൽ.

പ്രീയ സഹോദരീ സഹോദരന്മാരേ, അതുകൊണ്ട് നിങ്ങൾ ഇപ്പോൾ കടന്നുപോകുന്ന അവസ്ഥ വെറുതെയാവില്ല. അത് ദൈവത്തിനു മഹത്വം കൊണ്ടുവരികയും ഈ തീയിൽനിന്നും അവന്റെ ശക്തവും ശുദ്ധീകരിക്കപ്പെട്ടതും പ്രകാശവുമുള്ള പാത്രമായി പുറത്തുവരും.

### 6) അഭിവൃദ്ധി!

ചിലപ്പോൾ നാം സ്വയം ചോദിച്ചേക്കാം, എന്താണ് ഇതിന്റെയൊക്കെ അർത്ഥം? ദൈവത്തിന് എല്ലാ ബഹുമാനവും ലഭിക്കുകയാണെങ്കിൽ-അവൻ മാത്രം ഉയർത്തപ്പെടുകയാണെങ്കിൽ-ഞാൻ ഇതിൽ ഏതു ഭാഗത്താണ് ഉൾപ്പെടുക?

എന്നാൽ ദാനീയേൽ 3-ലെ കഥയുടെ ബാക്കി ഭാഗം വായിക്കുമ്പോൾ നാം മനോഹരമായ ഒരു സത്യം കാണുന്നു. ദൈവം തന്നെ വിശ്വസ്തതയോടെ വിശ്വസിക്കുന്നവർക്ക് പ്രതിഫലം നൽകുന്നവനാണ്. ഷദ്രക്ക്,

മേശെക്ക്, അബേദ്നഗോ എന്നിവരെ ആത്മീയ മേഖലയിൽ ആദരിക്കുക മാത്രമല്ല, ഇവിടെ ഭൂമിയിൽ പ്രതിഫലം നൽകുകയും ചെയ്തു.

**പിന്നെ രാജാവ് ശദ്രക്കിന്നും മേശെക്കിന്നും അബേദ്നഗോവിന്നും ബാബേൽ സംസ്ഥാനത്തു സ്ഥാനമാനങ്ങൾ കല്പിച്ചു കൊടുത്തു** (ദാനീയേൽ 3:30).

സാത്താൻ അവരുടെ നാശം ആസൂത്രണം ചെയ്തു, അവൻ ഉദ്ദേശിച്ചത്:

അവരുടെ ജീവിതം അവസാനിപ്പിക്കുക, രാജാവിന് അവരോടുള്ള പ്രീതി അവസാനിപ്പിക്കുക, അവരുടെ ശുശ്രൂഷ അവസാനിപ്പിക്കുക, അവരുടെ വിശ്വാസം അവസാനിപ്പിക്കുക, അവർക്കായുള്ള ദൈവത്തിന്റെ പദ്ധതി അവസാനിപ്പിക്കുക, അവരുടെ വിചാരണ കണ്ട മറ്റുള്ളവരുടെ വിശ്വാസം അവസാനിപ്പിക്കുക, ഏറ്റവും ഒടുവിലായി ദൈവരാജ്യത്തിന്റെ വികാസം അവസാനിപ്പിക്കുക.

എന്നാൽ അതൊന്നും സംഭവിച്ചില്ല.

പകരം, ദൈവം ശത്രുവിന്റെ പദ്ധതിയെ തലകീഴായി മറിച്ചു. ഭൂമിയിലുടനീളം തന്റെ രാജ്യം വികസിപ്പിക്കാനും ശക്തിപ്പെടുത്താനും ആ സാഹചര്യം ഉപയോഗപ്രദമാക്കി.

തീയിലൂടെ എന്താണ് സംഭവിച്ചതെന്ന് നോക്കുക.

അത് ദൈവത്തിന്റെ പദ്ധതി നിറവേറ്റി. അത് ദൈവത്തിന് മഹത്വം കൊണ്ടുവന്നു. അത് അവരുടെ വിശ്വാസം മാത്രമല്ല, യഹൂദന്മാരുടെയും, യഹൂദരല്ലാത്ത രാജാവിനെപ്പോലെയുള്ളവരുടെയും വിശ്വാസത്തെ ശക്തിപ്പെടുത്തി. അത് ദൈവത്തിന്റെയും മനുഷ്യന്റെയും (രാജാവ്) ദൃഷ്ടിയിൽ പ്രീതി നേടിക്കൊടുത്തു. അത് അവരുടെ ജീവിതം അവസാനിപ്പിച്ചില്ല; മറിച്ച് ഒരു പുതുക്കിയ ഉദ്ദേശ്യം, ദർശനം, സ്ഥാനം എന്നിവയോടുകൂടിയ ഒരു പുതിയ തുടക്കം നൽകി. ശത്രു തിന്മയ്ക്കായി ഉദ്ദേശിച്ചത് ദൈവം നന്മയ്ക്കായി മാറ്റി എന്ന് അത് തെളിയിച്ചു (ഉല്പത്തി 50:20).

താൻ ഉണ്ടാക്കിയ സ്വർണ്ണബിംബത്തെ നമസ്കരിക്കാൻ ആജ്ഞാപിച്ച രാജാവ് യിസ്രായേലിന്റെ ദൈവത്തിന്റെ പരമാധികാരം പ്രഖ്യാപിച്ചു:

## 7) തീഷ്ണത-പാരമ്പര്യം അവശേഷിപ്പിക്കുന്നു!

**ഈ വിധത്തിൽ വിടുവിപ്പാൻ കഴിയുന്ന മറ്റൊരു ദൈവവും ഇല്ല....** (ദാനീയേൽ 3:29).

ഒടുവിൽ, മൂന്നു എബ്രായ പുരുഷന്മാരും അവശേഷിപ്പിച്ചത് ശക്തവും നിലനിൽക്കുന്നതുമായ ഒരു പാരമ്പര്യമാണ്-2025 ലും ഇപ്പോഴും നമ്മോടു സംസാരിക്കുന്ന അചഞ്ചലമായ വിശ്വാസത്തിന്റെ പാരമ്പര്യം.

വരും തലമുറകളുടെ സാക്ഷ്യത്തിനായി അവരെ തീയിൽ ഇടുവാൻ ദൈവം അനുവദിച്ചു. അവരുടെ കഥ കർത്താവിനുവേണ്ടി അതേ തീക്ഷ്ണതയോടെ ജീവിക്കാനായി നമ്മെ വെല്ലുവിളിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

**അവർ ധൈര്യത്തോടെ പ്രഖ്യാപിച്ചത്:**

**ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കയ്യിൽനിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കയുമില്ല എന്നു അറിഞ്ഞാലും എന്നു ഉത്തരം പറഞ്ഞു** (ദാനീയേൽ 3:17,18).

കർത്താവിനോടുള്ള അവരുടെ ധീരതയും ദൃഢനിശ്ചയവും നോക്കൂ! തങ്ങളുടെ വിശ്വാസത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതിനു പകരം മരണത്തെ നേരിടാൻ അവർ തയ്യാറായിരുന്നു.

കാര്യങ്ങൾ നമ്മുടെ ഇഷ്ടത്തിനു നടക്കാതെ വരുമ്പോൾ നാം എത്ര തവണ നിരുത്സാഹപ്പെടുന്നു? എന്നിട്ടും ഈ യുവാക്കൾ, അവരുടെ അചഞ്ചലമായ ഭക്തിയിലൂടെ സ്വന്തം വിശ്വാസം മാത്രമല്ല- ഞങ്ങളുടെ വിശ്വാസവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

***ഞാൻ നിങ്ങളോടു ചോദിക്കട്ടെ:***

പരാജയങ്ങളുടെ നടുവിലും, രോഗങ്ങളുടെ നടുവിലും, കുടുംബ പോരാട്ടങ്ങളുടെ നടുവിലും, ആരോഗ്യപരമായ വെല്ലുവിളികളുടെ നടുവിലും, ഔദ്യോഗികമായ സമ്മർദ്ദങ്ങളുടെ നടുവിലും, വ്യക്തിപരമായ ഹൃദയവേദനയുടെ നടുവിലും, ആവർത്തിച്ചുള്ള നിരാശയുടെ നടുവിലും, തകർച്ചയുടെ നടുവിലും, അനുഗ്രഹത്തിന്റെയും സമൃദ്ധിയുടെയും നടുവിലായാൽ പോലും നിങ്ങൾക്ക് ഇപ്പോഴും ദൈവത്തെ സേവിക്കാൻ കഴിയുമോ?

***തിരിഞ്ഞുനോക്കരുത്***



***അവൻ അടുക്കലാണ്, കരങ്ങൾ തുറന്നിരിക്കുന്നു***

അവൻ നിങ്ങൾക്കായി കാത്തിരിക്കുന്നു. നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുവാനും നമ്മൾ ഏതിലൂടെയാണ് കടന്നുപോകുന്നതെന്ന് പൂർണ്ണമായും മനസ്സിലാക്കാനുമായിട്ടാണ് യേശുക്രിസ്തു കുരിശിൽ മരിച്ചത്. അവൻ അകലെയോ നിസ്സംഗതയോ ഉള്ളവൻ അല്ല. അവൻ സമീപസ്ഥനാണ്, അവന്റെ കരങ്ങൾ തുറന്നിരിക്കുന്നു.

***അതിനാൽ അവനെ മുറുകെ പിടിക്കുക.***

***തീഷ്ണതയോടെ അവനെ സേവിക്കുക.***

ഒരു പാരമ്പര്യം അവശേഷിപ്പിക്കുന്ന ഒരു ജീവിതം നയിക്കുക.

************



**WANTED**



**1. COMPUTER OPERATORS (with typing knowledge)**

**2. ASSISTANT PRINTING PRESS OPERATORS**

Contact: ECHO OF HIS CALL (+91) 98412 71858, E.mail : sam@echoofhiscall.org

**NOTICE**

Save our mobile numbers (+91) 98410 71858, (+91) 98412 71858 (main numbers) in your mobile phones.

- Editor

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
*Please subscribe*

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.

- Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : **Triplicane, Chennai-5**
Name : **S. Sam Selva Raj**
A/C No. : **1023 2934 679**
IFSC : **SBIN 00 00 249**
SWIFT CODE : **SBI NIN BB 455**

### *2. Bank : ICICI Bank*

Branch : **Anna Salai, Chennai-6**
Name : **Echo of His Call**
A/C No. : **6038 0502 2319**
IFSC : **ICIC 000 6038**

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : **Triplicane, Chennai-5**
Name : **Echo of His Call Educational Trust**
A/C No. : **1023 2923 805**
IFSC : **SBIN 00 00 249**

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ     ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org


**YOU CAN SEND YOUR DONATION ONLINE ALSO**


Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS Patrika Channel"
on 4th SEPTEMBER 2025.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766


*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**